LIBRARY ARCHIVES Kerala Legislative Assembly

VI സബ്മിഷൻ

(1) ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ദുരവസ്ഥ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കേരളത്തിലെ വന-മലയോരങ്ങളിലെ ഒറ്റപ്പെട്ട കോളനികളിൽ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി 1997 മുതൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പട്ടികവിഭാഗക്കാരായ ഏകദേശം 5700 വിദ്യാർത്ഥികളും 324 അദ്ധ്യാപകരുമുണ്ട്. കടുത്ത അവഗണനയാണ് ഈ വിദ്യാലയങ്ങളോടും അദ്ധ്യാപകരോടും സർക്കാർ കാണിക്കുന്നത്. 17 വർഷം കാട്ടിനുള്ളിൽ ജീവൻ പണയം വച്ച് തൊഴിലെടുക്കുന്ന ഈ അദ്ധ്യാപകർക്ക് 3,000 രൂപയാണ് ശമ്പളമായി നൽകുന്നത്. മനുഷ്യാവകാശ കമ്മീഷൻ 2014 ജനുവരിയിൽ ഇവർക്ക് ചുരുങ്ങിയത് 10,000 രൂപയെങ്കിലും നൽകണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ നാളിതുവരെ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള ഉത്തരവ് ഇറക്കിയിട്ടില്ല. കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമാകുന്നില്ല. ഹെഡ്മാസ്റ്റർ മുതൽ പ്യൂൺ വരെയുള്ള ജോലി ഒറ്റയ്ക്ക് നിർവ്വഹിക്കുകയും ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ അദ്ധ്യാപനം നടത്തുകയും ചെയ്യുന്ന അദ്ധ്യാപകന്മാർക്ക് ഇപ്പോൾ നൽകുന്ന 3,000 രൂപയല്ലാതെ മറ്റൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഇത് ആദിവാസി സമൂഹത്തോട് കാണിക്കുന്ന കടുത്ത അനീതിയാണ്. ആയതിനാൽ ഈ അദ്ധ്യാപകർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത 10,000 രൂപയെങ്കിലും അടിയന്തരമായി നൽകണം. ഈ വിദ്യാലയങ്ങളെ എൽ.പി. സ്കൂളുകളുമായി ഉയർത്തണമെന്നും നിലവിലെ അദ്ധ്യാപകരെ അവിടെത്തന്നെ അദ്ധ്യാപകരായി നിയമിക്കുന്നതിനും വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളും പുസ്തകങ്ങളുമടക്കം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

11.00 AM]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേരളത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി 1997-ൽ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി പ്രകാരം രൂപീകരിച്ച പദ്ധതിയാണ് ബദൽ ഏകാദ്ധ്യാപക വിദ്യാലയം. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിക്കുശേഷം സർവ്വ ശിക്ഷാ

അഭിയാൻ ഈ പദ്ധതി ഏറ്റെടുക്കുകയും 2011-12 മുതൽ സംസ്ഥാന ഗവണ്മെന്റ് ഈ പദ്ധതിയുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. അതുവരെ കേന്ദ്ര ഗവൺമെന്റാണ് ഇതിനുള്ള പണം കൊടുത്തിരുന്നത്. 1997-ൽ ആകെ 10 വിദ്യാലയങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. 2014-15 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ 12 ജില്ലകളിലായി 321 ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. കേന്ദ്ര വിദ്യാഭ്യാസ ചട്ടമനുസരിച്ച് ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളെല്ലാം തന്നെ ലോവർ പ്രൈമറി സ്കൂളുകളായി മാറ്റാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വശിക്ഷാ അഭിയാൻ ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പരിശോധന നടത്തുകയും സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതായി കണ്ടെത്തിയ 111 എണ്ണം ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1-3-2014-ലെ ജി.ഒ. (എം.എസ്.)നമ്പർ 44/2014 പൊ.വി.വ. പ്രകാരം ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ 371 വിദ്യാ വോളന്റിയർമാർ ജോലി ചെയ്യുന്നു. 5886 വിദ്യാർത്ഥികൾക്ക് ഇതിന്റെ ഫലം ലഭിക്കുന്നു. 31-8-2014 വരെ പ്രതിമാസം മൂവായിരം രൂപ മാത്രമാണ് ഇവർക്ക് ഓണറേറിയമായി അനുവദിച്ചിരുന്നത്. ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിദ്യാ വോളന്റിയർമാരുടെ വേതനം 2014 സെപ്തംബർ മാസം മുതൽ 5,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ നിലവിലുള്ള വിദ്യാ വോളന്റിയർമാരിൽ നിശ്ചിത യോഗ്യതയുള്ളവരെ ലോവർ പ്രൈമറി സ്കൂളായി ഉയർത്തിയ സ്കൂളുകളിൽ തുടരാൻ അനുവദിക്കുന്നതും നിശ്ചിത യോഗ്യതയില്ലാത്തവരെ മറ്റ് അർഹമായ തസ്തികകളിൽ പുനർവിന്യസിക്കുന്നതുമാണ്. അവിടെ പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലായെന്നുള്ള ഒരു പരാതിയും ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ ഉത്തരവായിട്ടുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടുത്ത അദ്ധ്യയന വർഷം മുതൽ പൂർണ്ണ രൂപത്തിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : സർ, ആദിവാസികളുടെ പ്രശ്നമായതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ ഞാൻ അറിയിച്ചതാണ്. അവിടെ പുറത്തുനിന്നുള്ള അദ്ധ്യാപകർ ആരും വരാൻ ഇടയില്ല. അതുകൊണ്ട് അവർക്ക് 10,000 രൂപ വേതനം അനുവദിക്കുകയെന്ന അഭ്യർത്ഥന ഒന്നുകൂടി സീരിയസ്സായി പരിഗണിക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, എൽ.പി. സ്കൂൾ ആക്കുന്നതോടുകൂടി ആ പ്രശ്നം തീരും. അപ്പോൾ സാധാരണ രീതിയിലുള്ള ശമ്പളം തന്നെ അവർക്ക് ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly